# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 12 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### നടപടിക്രമങ്ങൾ പൂർത്തിയായി
## കുറ്റ്യാട്ടൂർ മാങ്ങ ഭൗമസൂചകാപദവിയിലേക്ക്

കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ മാങ്ങ ഭൗമസൂചകാ പദവിക്കായി ചെന്നൈയിലെ ഭൗമ സൂചകാ രജിസ്ട്രിക്ക് ഉടൻ അപേക്ഷ നൽകും. ഇതിനുള്ള നടപടികൾ പൂർത്തിയാക്കി. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ രാമനിലയത്തിൽ ചേർന്ന യോഗത്തിലാണ് കുറ്റ്യാട്ടൂർ മാങ്ങക്ക് ഭൗമസൂചക പദവി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി അപേക്ഷയിലെ വിവരങ്ങൾ അംഗീകരിച്ചത്. കേരള കാർഷിക സർവകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. പി ഇന്ദിരാദേവി, ബൗദ്ധിക സ്വത്തവകാശം സെൽ കോ-ഓഡിനേറ്റർ ഡോ. സി ആർ എൽസി, കണ്ണൂർ ജില്ലയിലെ വിവിധ പഞ്ചായത്ത് പ്രസിഡണ്ടുമാർ, മാങ്ങ കർഷകർ, കുറ്റ്യാട്ടൂർ മാങ്ങ ഉൽപാദക കമ്പനി പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു. കാർഷിക സർവകലാശാലക്ക് പുറമേ കണ്ണൂർ കൃഷി വിജ്ഞാൻ കേന്ദ്രവും കുറ്റ്യാട്ടൂരിലെ മാങ്ങ കർഷകരും കൃഷി വകുപ്പ് ഒത്ത് ചേർന്നാണ് കുറ്റ്യാട്ടൂർ മാങ്ങയുടെ ഭൗമസൂചക പദവിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിച്ചത്.

കുറ്റ്യാട്ടൂർ മാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉൽപനങ്ങളുണ്ടാക്കി വിപണം ചെയ്യുന്നതിനുള്ള സാങ്കേതിക മാറ്റങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ പറഞ്ഞു. അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ് ഫുഡ് പ്രൊഡക്ട്സ് എക്സ്പേർട്ട് ഡവലപ്പ്മെന്റ് അതോറിറ്റി അഥവാ അപ്പിഡയുടെയും കേരള കാർഷിക സർവകലാശാലയുടെയും സാങ്കേതിക പിന്തുണ ഇതിനായി ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു. പച്ചയും പഴുത്തതുമായ മാങ്ങകൾ കേടുകൂടാതെ ഏറെകാലം സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും മാങ്ങ പഴുപ്പിക്കുന്നതിനുള്ള ആധുനിക ചേമ്പറും കുറ്റ്യാട്ടൂരിലെ മാങ്ങ കർഷകർക്ക് ലഭ്യമാക്കുമെന്നും മന്ത്രി ഉറപ്പ് നൽകി. യൂറോപ്യൻ രാജ്യങ്ങളിലേക്ക് കുറ്റ്യാട്ടൂർ മാങ്ങ കയറ്റ് മതി ചെയ്യുന്നതിന് ജൈവ സർട്ടിഫിക്കറ്റ് നേടുന്നതിനുള്ള പശ്ചാത്തല, കാർഷിക നടപടികളും കർഷകർ കൈകൊള്ളണമെന്ന് മന്ത്രി പറഞ്ഞു.

തനത് കാർഷിക ഉൽപന്നങ്ങളെ സംരക്ഷിക്കാനും അവയുടെ വിപണി വിപുലീകരിക്കുവാനുമാണ് ഉൽപന്നങ്ങളെ ഭൗമസൂചകങ്ങളായി രജിസ്ട്രർ ചെയ്യുന്നത്. കേരള കാർഷിക സർവകലാശാല ബൗദ്ധിക സ്വത്താവകാശം സെല്ലിന്റെ നേതൃത്വത്തിൽ ഭൗമസൂചക പദവിയിലേക്കടുക്കുന്ന പതിനൊന്നാമത്തെ ഉൽപന്നമാണ് കുറ്റ്യാട്ടൂർ മാങ്ങ. പൊക്കാളി നെൽ, കൈപ്പാട് അരി, വയനാടൻ ജീരകശാല അരി, വയനാടൻ ഗന്ധകശാല അരി, തിരുവല്ല പതിയൻ ശർക്കര, മറയൂർ ശർക്കര, വാഴക്കുളം കൈതച്ചക്ക, നിലമ്പൂർ തേക്ക്, ചെങ്ങാലിക്കോടൻ നേന്ത്രപ്പഴം എന്നിവയാണ് ഇതിന് മുമ്പ് ഭൗമസൂചക പദവി ലഭിച്ചിട്ടുള്ള കേരളീയ കാർഷിക ഉൽപ്പന്നങ്ങൾ.

## നെഹ്റു പാർക്ക് കൂടുതൽ മികവുറ്റതാക്കും: മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ

തൃശൂർ നെഹ്റു പാർക്ക് കൂടുതൽ മികവുറ്റതാകുന്നതിനും കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ നവീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ പറഞ്ഞു. കൂടുതൽ മികവുറ്റ സൗകര്യങ്ങൾ ഒരുക്കലാണ് പാർക്ക് നവീകരണത്തിന്റെ അടുത്ത ലക്ഷ്യമാകേണ്ടതെന്നും അദ്ദേഹം പറഞ്ഞു. തൃശൂർ കോർപ്പറേഷൻ അമൃത് പദ്ധതിയുൾപ്പെടുത്തി 3 കോടി രൂപ ചെലവഴിച്ച് നവീകരിച്ച നെഹ്റു പാർക്കിന്റെ ഉദ്ഘാടനം നെഹ്റു പാർക്ക് കോമ്പൗണ്ടിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കോർപ്പറേഷൻ മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിച്ചു. നിയമസഭാ ചീഫ് വീപ്പ് അഡ്വ. കെ രാജൻ മുഖ്യാതിഥിയായി. ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, മുൻ മേയർ അജിത ജയരാജൻ, മുൻ ഡെപ്യൂട്ടി മേയർമാരായ ബീന മുരളി, വർഗ്ഗീസ് കണ്ടംകുളത്തി, കൗൺസിലർമാരായ എം എൽ റോസി, ജോൺ ഡാനിയേൽ, പി സുകുമാരൻ, കെ മഹേഷ്, കരോളി ജോഷ്വാ, കോർപ്പറേഷൻ സെക്രട്ടറി എ എസ് അനൂജ തുടങ്ങിയവർ പങ്കെടുത്തു. ജോഗിങ് ട്രാക്ക്, ഓപ്പൺ ജിംനേഷ്യം, പുതിയ കളിയുപകരണങ്ങൾ എന്നിവ 6 ഏക്കറിലായി നവീകരിച്ച പാർക്കിൽ സജ്ജീകരിച്ചിട്ടുണ്ട്.

## പുനരധിവാസം മാതൃകപരമാകണം: മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ

വികസന പ്രവർത്തനങ്ങൾക്കായി കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസം മാതൃകപരമാക്കാൻ തദ്ദേശസ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ശ്രമിക്കണമെന്ന് കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ പറഞ്ഞു. പടിഞ്ഞാറേകോട്ട വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട 8 കുടുംബങ്ങൾക്ക് കോർപ്പറേഷൻ നൽകുന്ന ഫ്ളാറ്റിന്റെ ഉദ്ഘാടനവും താക്കോൽദാനവും കാൽവരി റോഡിലെ ഫ്ളാറ്റ് പരിസരത്ത് നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുനരധിവസിപ്പിക്കപ്പെടുന്നവരുടെ സംതൃപ്തി ഉറപ്പു വരുത്തണം. ഇതിന്റെ മികച്ച മാതൃകയാണ് കോർപ്പറേഷന്റെ ഫ്ളാറ്റ് സമുച്ചയം. പുനരധിവാസം എളുപ്പമല്ലാത്ത സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾ മികച്ച നിലയിൽ നിർവഹിക്കാൻ കോർപ്പറേഷനു കഴിഞ്ഞു. സർക്കാരും ഏജൻസികളും ഇത് മാതൃകയാക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കോർപ്പറേഷൻ മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, മുൻ മേയർ അജിത ജയരാജൻ, മുൻ ഡെപ്യൂട്ടി മേയർ ബീന മുരളി, കൗൺസിലർമാരായ എം എൽ റോസി, ജോൺ ഡാനിയേൽ, പി സുകുമാരൻ, കരോളി ജോഷ്വാ, അനൂപ് ഡേവീസ് കാട, പ്രിൻസി രാജു, കോർപ്പറേഷൻ സെക്രട്ടറി എ എസ് അനൂജ എന്നിവർ പങ്കെടുത്തു.

## അവസാനിച്ചു